# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 2357. 07-10-2016 ൽ മറുപടിയ്ക്ക്

## 'ഒരു നെല്ലും ഒരു മീനും' പദ്ധതി

**ചോദ്യം**

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, എൽദോസ് കുന്നപ്പിള്ളി

,, റോജി എം. ജോൺ

,, വി.പി.സജീന്ദ്രൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 'ഒരു നെല്ലും ഒരു മീനും' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ; | (എ) | ഉണ്ട്. ഫിഷറീസ് വകുപ്പ് മുഖേനയാണ് 'ഒരു നെല്ലും ഒരു മീനും' പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ചിൽ ഉൾപ്പെടുത്തി 'കൈപ്പാട്, പൊക്കാളി നിലങ്ങളിൽ സംയോജിത മത്സ്യനെൽകൃഷി പദ്ധതിക്ക്' 25 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസി നബാർഡും എക്സിക്യൂട്ടീവ് ഏജൻസി അഡാക്കുമാണ്. കേരളത്തിൽ പല കാരണങ്ങളാൽ നാശോന്മുഖമായി കൊണ്ടിരിക്കുന്ന പൊക്കാളി, കൈപ്പാട് നീർത്തട പ്രദേശങ്ങളെ കാലാവസ്ഥ വ്യതിയാനത്തിന്റെ വിപത്തുകളിൽ നിന്നും സംരക്ഷിച്ച് ഇവിടങ്ങളിൽ പരമ്പരാഗതമായി നിലനിന്നിരുന്ന നെൽകൃഷിയും മത്സ്യ/ചെമ്മീൻ കൃഷിയും പുന:സ്ഥാപിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ 600 ഹെക്ടർ പൊക്കാളി, കൈപ്പാട് നീർത്തട പ്രദേശങ്ങളിൽ നെൽകൃഷിയും മത്സ്യകൃഷിയും നടത്താനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 2015 ഡിസംബർ മാസത്തിൽ അനുവദിച്ച ഈ പദ്ധതി 2015 മുതൽ 2019 വരെ 4 വർഷത്തേക്കുള്ളതാണ്. കണ്ണൂരിൽ കൈപ്പാട് നിലങ്ങളിൽ 300 ഹെക്ടറിലും, പൊക്കാളി നിലങ്ങളിൽ എറണാകുളം |

| | | | |
|---|---|---|---|
| | | | ജില്ലയിൽ 100 ഹെക്ടറിലും, തൃശ്ശൂർ ജില്ലയിൽ 100 ഹെക്ടറിലും ആലപ്പുഴ ജില്ലയിൽ 100 ഹെക്ടറിലും കൃഷി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | ഏതെല്ലാം കൃഷി നിലങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ പൊക്കാളി പാടങ്ങളിലും കണ്ണൂരിൽ ജില്ലയിലെ കൈപ്പാട് നിലങ്ങളിലുമാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. |
| (സി) | എത്ര ഹെക്ടറിലാണ് ഇപ്രകാരം കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത്; | (സി) | കണ്ണൂരിൽ കൈപ്പാട് നിലങ്ങളിൽ 300 ഹെക്ടറിലും, പൊക്കാളി നിലങ്ങളിൽ എറണാകുളം ജില്ലയിൽ 100 ഹെക്ടറിലും, തൃശ്ശൂർ ജില്ലയിൽ 100 ഹെക്ടറിലും, ആലപ്പുഴ ജില്ലയിൽ 100 ഹെക്ടറിലും കൃഷി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) | ഇത് നടപ്പാക്കാൻ എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | 'കൈപ്പാട്-പൊക്കാളി നിലങ്ങളിൽ സംയോജിത മത്സ്യനെൽകൃഷി പദ്ധതിക്ക് 25 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ആദ്യ ഗഡുവായി 5.9988 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ